Mr. P. Kumaran Ezhuthassan (*Vadakkancheri*): So an irregularity is being attempted to be regularised: On this demand, Sir, I wish to say one thing for the information of the Government if they would be pleased to listen. I want this to be noted by the Goverment. Now I find that in the Legal Remembrancer's room the ceiling fan had to be lowered, then a table fan had also to be provided. I have no complaint. Now Sir, for getting from these officers—whether they be Legal Remembrancers, or anybody else—the maximum work that is expected from them for the amount that you pay them, necessary conveniences must also be supplied. It is a very well known proposition and fans. whether ceiling fans or table fans, will be one of the necessities in certain months of the year at any rate; but to confine the use of or the supply of these fans to only these high paid men alone is not enough. Lesser folk also may be supplied. I have seen with my own eyes, Sir, in an office about the size of the President's Gallery in the Hall, inhabited by about 50 persons with more than 50 tables and at least 50 shelves, and then the persons at the tables sweating and that in an area where there is electricity—I am referring to Trichur. Such necessities, minimum comforts and conveniences necessary to get the necessary and proper work from them without killing them may be supplied. That suggestion may be noted when you are supplying these table fans and also lowering the ceiling fans as far as the Legal Remembrancers and everybody of that group is concerned. That is the proposition. I am referring to the conditions in the Trichur Taluk Office. Persons who have seen will support my proposition. The Government ought to run up to Trichur this night and supply the fans. Such is the condition under which they are working. Please note that.

Rao Bahadur T. K. Nayar (*Prime Minister*): Noted.

Demand put and carried.

(10) 32-Public Works by Transfer from B. I. 384/23

Rao Bahadur T. K. Nayar (*Prime Minister*): Sir, I move for an additional allotment of Rs. 600 under "32-Public works" by transfer from "B. I. 384/23".

The Pazhayannur Village Office and other village offices of the group Pazhayannur, Chelakode and Elanad together with the Pazhayannur Revenue Inspector's Office are now held in a rented building which is reported to be quite inconvenient. It is also reported that the building is in a dilapidated condition. A site has therefore to be acquired and a building constructed for holding these offices. The land acquisition charges will come to Rs. 600 and the cost of the building will come to Rs. 15,000 approximately. There is no provision in the current year's budget to meet the expenditure. However the acquisition proceedings is proposed to be undertaken this year by meeting the expenditure therefor by reappropriation, the amount required for the building construction being provided in Part II of 1124 budget. The amount of Rs. 600 required for Land Acquisition charges is proposed to be met by transfer from "B. I. 384/23."

Mr. C. R. Iyyunni (*Nellayi*): May I know, Sir, whether it is difficult to get buildings for rent at Pazhayannur?

Rao Bahadur T. K. Nayar (*Prime Minister*): It is very difficult.

Mr. C. R. Iyyunni (*Nellayi*): Because once we acquire the sites for Rs. 600, it will cost Rs. 50,000 to put up a building there.

Rao Bahadur T. K. Nayar (*Prime Minister*): No; the difficulty in those places is that there are no rented buildings. Only houses for living purposes are constructed, not for renting out.

Mr. P. Kumaran Ezhuthassan (*Vadakkancheri*): It is a rural area though the Prime Minister comes from there.

Demand put and carried

(11) 40-Labour Miscellaneous

Rao Bahadur T. K. Nayar (*Prime Minister*): Sir, I move for an additional allotment of Rs. 1,010 under "40-Labour—Miscellaneous".

Government have appointed a Board of Conciliation for promoting a settlement of the dispute between the employers and workmen of certain tile factories in Manali. The

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]
members have to be given T-A. for attending the meetings. They also propose to visit certain tile factories in Mangalore to gather first hand information regarding the conditions prevailing there. There is no provision to meet this expenditure in the current year's budget. An additional allotment of Rs. 1,010 will be necessary under "40-Labour—Miscellaneous" for this purpose.

Demand put and carried

(12) 40-Labour-Miscellaneous

Rao Bahadur T. K. Nayar (*Prime Minister*): Sir, I move for an additional allotment of Rs. 7,726 under "40-Labour—Miscellaneous".

The post of an Adjudicator of Trade Disputes on Rs. 250-350 has been sanctioned by Government till the end of 1123. There are also a clerk on Rs. 50 per mensem, a stenographer on Rs. 40 per mensem and two peons on Rs. 20 per mensem in the Office of the Adjudicator. There is no provision in the Budget to meet their pay, dearness allowance, T. A., etc. from 1st Makaram 1123. A sum of Rs. 4,120 will be necessary for the purpose.

Government have also constituted an Appellate Tribunal under the Trade Disputes Adjudication Proclamation and have sanctioned sitting fees at the rate of Rs. 35 per sitting to the Chairman, at Rs. 30 per sitting to the two members of the Tribunal. The Tribunal has also been given the services of a clerk, a stenographer and 3 peons. There is no provision in the budget for meeting the expenditure in connection with the Appellate Tribunal. It is estimated that the expenditure for the working of the Tribunal for two months will be about Rs. 2,556.

Government had also sanctianed the post of an Assistant Labour Commissioner on Rs. 200 per mensem for a period of 2 months from 16th Vrischigam 1123. There is no provision in the budget to meet the Pay, T. A., etc. of the Assistant Labour Commissioner. A sum of Rs. 660 will be necessary for this purpose.

Government have allowed Mr. C. Sankara Menon, Retired Adjudicator of Trade Disputes to continue to function as the Board of Conciliation of the Victory Chemical and Pharmaceutical Works, Chalakudi and also to continue to be the Chairman of Standardisation Committee of the Sitaram Mills. A sum of Rs. 390 will be necessary for giving remuneration to Mr. Sankara Menon for these works.

Thus, for all the above items together, an additional allotment of Rs. 7,726 is necessary under "40-Labour—Miscellaneous".

Mr. President: There is a cut motion by Mr. Dewer.

Mr. Puthur Achutha Menon (*Kattur*): I oppose the demand.

Mr. President: It is after the cut motion.

Mr. P. K. Dewer (*Nominated*): I do not move it, Sir.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിക്കുന്നു. ഞാൻ ഇതിനെ എതിക്കുന്നതു് ഈ നാട്ടിൽ അഡ്ജൂഡിക്കേഷൻ നടപടി വേണ്ടായെന്നുള്ളതുകൊണ്ടല്ല. ഈ നാട്ടിലെ സാധാരണക്കാരോടു്, ഈ നാട്ടിലെ പാവപ്പെട്ടവരോടു് കാര്യം പിരിച്ചെടുത്തു് ഇന്നത്തെ ഗവർമ്മെണ്ടു് നടത്തുന്ന ഈ അഡ്ജൂഡിക്കേഷൻ നടപടി, ഈ നാട്ടിലെ പാവങ്ങളെ അടിച്ചമർത്തുവാൻ മാത്രം പയ്യാപ്പമാകുന്നതുകൊണ്ടാണു് ഈ സമ്പ്രദായം നമ്മുടെ നാട്ടിൽ വേണ്ടായെന്നു് ഞാൻ പറയുന്നതു്. അഡ്ജൂഡിക്കേഷൻ വിധി ഈ നാട്ടിലെ മുതലാളിമാർക്കു് ഉപകാരമാണെന്നുള്ളിടത്തോളം കാലം അതിനെ ഉപയോഗിക്കുകയും, എന്നാൽ ആ വിധി ഈ നാട്ടിലെ തൊഴിലാളികൾക്കു് ഗുണമായിട്ടുവരുമ്പോൾ ആ അഡ്ജൂഡിക്കേഷന്റെ തലയിൽ കയറിയിരുന്നുകൊണ്ടു്, അതിനെ തകർക്കുവാനുള്ള ഒരു നിയമം സൃഷ്ടിക്കുകയും ചെയ്യുന്ന പാരമ്പര്യമാണു് ഇന്നത്തെ ഗവർമ്മെണ്ടിനുള്ളതു്. ഇന്നു അധികാരത്തിലിരിക്കുന്ന ഗവർമ്മെണ്ടു് അഡ്ജൂഡിക്കേറ്ററെ വെക്കുവാനും സ്വന്തം സ്ഥാനത്തെ നിലനിർത്തുവാനും ഉപയോഗിക്കുന്നതു ഈ നാട്ടിലെ തൊഴിലാളികളുടേയും, കർഷകരുടേയും പണംകൊണ്ടാണു്. ഈ ഗവർമ്മെണ്ടു്, ഇവിടെ അഡ്ജൂഡിക്കേഷൻ സമ്പ്രദായം നിലവിലിരിക്കുമ്പോൾ, ആ അഡ്ജൂഡിക്കേഷൻ സമ്പ്രദായത്തെ

LIBRARY ARCHIVES Kerala Legislative Assembly

മാനിക്കുന്നതിനു പരിശ്രമിക്കുന്നുണ്ടോയെന്നു് യഥാർത്ഥ ജനപ്രതിനിധികം പരിശോധിച്ചിട്ടുവേണം ഈ ഉപധനാഭ്യർത്ഥനയെ വോട്ടുചെയ്യുവാൻ. കൊച്ചിയിൽ ഇതിനുമുമ്പും അഡ്ജൂഡിക്കേഷൻ നടന്നിട്ടുണ്ടു്. എന്നാൽ ആ അഡ്ജൂഡിക്കേഷൻ പ്രാബല്യത്തിൽ വരുന്നതിനെതിരായിട്ടു ഒരു ദിക്കിലും മുതലാളിമാർ അതിനെ ധിക്കരിക്കുവാൻ മുതിർന്നിട്ടില്ല. ആ ഗവർമ്മെണ്ടിനെ നിലനിറുത്തിയിരുന്നതു ഈ നാട്ടിലെ സാധാരണക്കാരാണു്. സാധാരണക്കാരന്റെ തലയിൽ കയറിയിരുന്നുകൊണ്ടു് ഭരണം നടത്തുവാനും, അഡ്ജൂഡിക്കേഷന്റെ നെറുകയിൽ അടിച്ചുമർത്തുവാനും അന്നത്തെ ഗവർമ്മെണ്ടു് തയ്യാറായിട്ടില്ല. അതിനു സാദ്ധ്യമായിരുന്നില്ല. കാരണം, ആ ഗവർമ്മെണ്ടിനു് കുറച്ചെങ്കിലും പൊതുജനാഭിപ്രായത്തെ മാനിക്കാതെ നിവ്വാഹമില്ലാതെ വന്നു. എന്നാൽ ഇന്നു നിലവിലുള്ള ഗവർമ്മെണ്ടു് ഏറ്റവും വലിയ ജന്മിമാരുടേയും, മുതലാളിമാരുടേയും സഹായംകൊണ്ടാണു് നിലനിൽക്കുന്നതു്. അവരെ പ്രീതിപ്പെടുത്തേണ്ടതായ കാര്യമുണ്ടു്. അവരെ മുഷിപ്പിക്കുകയെന്നുവന്നാൽ ഈ ഗവർമ്മെണ്ടു് തകരുകയെന്നായിരിക്കും അർത്ഥം. സാധാരണ തൊഴിലാളികളുടെ തലയിൽ അടിക്കുവാൻ അവർ മുതിർന്നിരിക്കുകയാണു്. അതാണു് ഇന്നു നാടിന്റെ നാനാഭാഗത്തും കണ്ടുകൊണ്ടിരിക്കുന്നതു്. തൊഴിലാളികൾക്കു് എന്തെങ്കിലും ഗുണമുണ്ടാകുമ്പോൾ ആ അഡ്ജൂഡിക്കേഷൻവിധി നിരസിക്കുകയെന്നുള്ള സമ്പ്രദായം ഗവർമ്മെണ്ടു് വെച്ചുകൊണ്ടിരിക്കുന്നിടത്തോളംകാലം അങ്ങിനെയുള്ള ഒരു അഡ്ജൂഡിക്കേഷൻ നടപടിക്കു് പണം അനുവദിക്കുന്നതിൽ ഞങ്ങളെപ്പോലെയുള്ളവർക്കു് പങ്കാളികളാകുവാൻ സാദ്ധ്യമല്ല. സർ, എനിക്കു് ഈ ടിബ്യൂണലിനെപ്പറ്റിയൊന്നും പറയുവാനില്ല. ഞാൻ ഇവിടത്തെ ഗവർമ്മെണ്ടിനോടു് ഒന്നു ചോദിക്കട്ടെ. ലോകത്തിലെവിടെയെങ്കിലും ഒരു ഭാഗത്തു് അഡ്ജൂഡിക്കേഷനുമീതെ ഇവിടത്തെ രീതിയിൽ ഒരു ട്രിബ്യൂണൽ ഉള്ളതായി കാണിച്ചുതരുവാൻ സാധിക്കുമോ എന്നു്! എതെങ്കിലും ഒരു ഭാഗത്തു് അങ്ങിനെയുണ്ടെന്നു് കാണിച്ചുതന്നാൽമതി. കൊച്ചിയിൽ തന്നെ ഈ അഡ്ജൂഡിക്കേഷൻ നടപടി എങ്ങിനെയാണു് വന്നതെന്നു് ആലോചിക്കേണ്ടതായ കടമ ഈ ഗവർമ്മെണ്ടിനുണ്ടു്. ഞാൻ പുറത്തു പ്രസംഗിക്കുന്ന രീതിയിൽ ഇവിടെ പ്രസംഗിക്കുന്നതു് നിങ്ങൾക്കു് മനസ്സിലാക്കുവാൻ വേണ്ടിയാണു്. നിങ്ങൾക്കു് മനസ്ഥിതിയുണ്ടെങ്കിൽ, നട്ടെല്ലുണ്ടെങ്കിൽ, കരുവന്തുരിൽ പോയിട്ടൊന്നു് അന്വേഷിച്ചാൽ അറിയുവാൻ സാധിക്കും, ഇന്നത്തെ ഗവർമ്മെണ്ടു് എന്റെയാണു്, നിന്നെ അറസ്റ്റു് ചെയ്യിപ്പിക്കും എന്നു് ധിക്കാരപൂർവ്വം മുതലാളിമാർ അവിടത്തെ ജനങ്ങളോടു് പറയുന്നുണ്ടു്. ഇതു് അന്വേഷിക്കുവാൻ നിങ്ങൾക്കു് മനസ്സുണ്ടെങ്കിൽ അറിയുവാൻ സാധിക്കും.

ഇപ്പോൾ വിഭവ—വിദ്യാഭ്യാസമന്ത്രിയുടെ പോർട്ട്ഫോളിയോ മാറീട്ടുണ്ടെന്നുള്ളതു് ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചപ്പോൾ മാത്രമാണു് മനസ്സിലാകുന്നതു്. പ്രാഥമിക അദ്ധ്യാപകന്മാർ ഒരു പണിമുടക്കിലേക്കു് നീങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ വിഭവ—വിദ്യാഭ്യാസമന്ത്രി പീപ്പിൾസ് കോൺഗ്രസ്സിന്റെ യോഗം കഴിഞ്ഞു, പ്രാഥമിക അദ്ധ്യാപകന്മാരുടെ യോഗത്തിൽ വന്നിട്ടു പറയുകയാണു്, നിങ്ങളുടെ കാര്യത്തിനു് ഗുണമുണ്ടാക്കിത്തരാം, ഗവർമ്മെണ്ടിനു് ഒരു അന്തസ്സുക്കെയുണ്ടു്, അതു് മാനിക്കുവാൻ വേണ്ടിട്ടെങ്കിലും നിങ്ങൾ ഈ പണിമുടക്കം പിൻവലിക്കണം എന്നു്! പ്രാഥമിക അദ്ധ്യാപകന്മാർ ബുദ്ധിയുള്ളവരാണു്. പക്ഷെ അപ്പോൾ അവർ അതുപയോഗിച്ചില്ല. കരുവന്തുരിൽ വെച്ചു ഗവർമ്മെണ്ടിന്റെ അന്തസ്സിനെ കുഴിച്ചുമൂടിയില്ലേയെന്നു് ആ അവസരത്തിൽ അവർ ചോദിക്കേണ്ടതായിരുന്നു. അനേകം തൊഴിലാളികളുടെ തലയ്ക്കടിച്ചുകൊണ്ടു്, അഞ്ചു മുതലാളിമാക്കുവേണ്ടിമാത്രം നിങ്ങളുടെ പഴയ കല്പന റദ്ദുചെയ്തു് ഒരു കല്പനയുണ്ടാക്കി ഗവർമ്മെണ്ടിന്റെ അന്തസ്സിനെ കുഴിച്ചുമൂടിയില്ലെ? ഗവർമ്മെണ്ടിനു് അന്തസ്സുണ്ടെന്നു് വാദിക്കുവാൻ നിങ്ങൾക്കു് അവകാശമില്ലെന്നാണു് ഞാൻ പറയുന്നതു്. സാധാരണക്കാരായിട്ടുള്ള കർഷകരുടേയും, തൊഴിലാളികളുടേയും മിതവും, ന്യായവുമായിട്ടുള്ള അവകാശങ്ങൾ അനുവദിച്ചുകൊടുക്കാതെ, അവരുടെ തലയിൽ കയറിയിരുന്നുകൊണ്ടു്, എന്തൊന്നും മുതലാളിമാരെ പ്രീതിപ്പെടുത്തുവാൻവേണ്ടി മാത്രം ചെയ്തിട്ടുള്ള നിങ്ങളുടെ നടപടികൾ നോക്കുമ്പോൾ അഡ്ജൂഡിക്കേഷൻ നടപടിയിൽ ഞങ്ങൾക്കു് വിശ്വാസമില്ലാതായി തീർന്നിരിക്കുന്നു. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരല്ല. ഞങ്ങൾ ഇൻകിലാബു് വിളിക്കുന്നുണ്ടെങ്കിൽ, അതു് ഗവർമ്മെണ്ടും, ജനങ്ങളും തമ്മിൽ രഞ്ജിപ്പുണ്ടാക്കി, കർഷകന്റേയും, തൊഴിലാളികളുടേയും, അവകാശങ്ങൾ നേടിക്കൊടുത്തു, നാട്ടിൽ ഒരു രക്തച്ചൊരിച്ചിലുമുണ്ടാക്കാതെ സമാധാനത്തോടുകൂടി ജീവിക്കണമെന്നു് വിശ്വസിക്കുന്നവരായതുകൊണ്ടു മാത്രമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthur Achyuta Menon]

ണ്ട്. അതിനുവേണ്ടി ജീവിക്കുന്നവരാണ് ഞങ്ങൾ. മഹാത്മജിയുടെ ഭസ്മകുംഭം ചുമന്നു അതിനെ നമസ്കരിച്ചില്ലെ സാർ, അദ്ദേഹത്തിന്റെ പേരിൽ കൺതോൽ നീക്കുന്നതിനു പോലും പ്രമേയങ്ങൾ പാസ്സാക്കുന്ന കാലമാണിന്നു്. ഞാൻ പറയുന്ന അദ്ദേഹം മരിക്കുന്നതിനു് ½ മണിക്കൂർ മുമ്പു് അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിവെച്ചിട്ടുള്ള സംഗതികൾ നടപ്പിൽ വരുത്തുകയാണ്, അദ്ദേഹത്തിന്റെ ആദർശത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, ഭസ്മകുംഭം ചുമക്കുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ചെയ്യേണ്ടതു്. പണിയെടുക്കുന്ന തൊഴിലാളിക്കു് അവന്റെ വയറിന്റെ പൊരിച്ചിൽ മാറുന്നതിനു് അവകാശപ്പെട്ട കൂലികൊടുക്കുവാൻ തയ്യാറാകണമെന്നും, ഭൂമിയുടെ അവകാശി പാടത്തു പണിയെടുക്കുന്ന കൃഷിക്കാരാണെന്നും, ഈ അവകാശങ്ങൾ നേടികൊടുക്കുവാനാണു് ശ്രമിക്കേണ്ടതെന്നും അദ്ദേഹം മരിക്കുന്നതിനു ½ മണിക്കൂർ മുമ്പു പറഞ്ഞു. അതാണോ നിങ്ങൾ ചെയ്യുന്നതെന്നു് ഞാൻ ചോദിക്കുന്നു? വിശപ്പിന്റെ പേരിൽ, വയറിന്റെ പേരിൽ, നാടിന്റെ നാനാഭാഗത്തും കുഴപ്പങ്ങളുണ്ടാകുമ്പോൾ അതിനെ നേരിടുവാൻ ലാത്തിയും തോക്കും ഉപയോഗിക്കുകയാണെങ്കിൽ നാട്ടിൽ എങ്ങിനെയാണു് സമാധാനം ഉണ്ടാവുക? എതാനും മുതലാളിമാക്കുവേണ്ടി അനേകായിരം തൊഴിലാളികളുടെമേൽ കുതിര കയറുന്നതിനുള്ള ഒരുപരിപാടിഗവണ്മെണ്ടിനുണ്ടായിരിക്കരുതു്. അതു് ഏതൊരു ഗവണ്മെണ്ടിന്റെ നിലനില്പിനും തെറ്റാണു്. നിങ്ങൾക്കു് സമാധാനം വേണമെന്നുണ്ടെങ്കിൽ, സമാധാനത്തിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ, കർഷകന്റേയും, തൊഴിലാളിയുടേയും താല്പര്യത്തെ മുൻനിറുത്തി പ്രവർത്തിക്കുകയെന്നാണു് എനിക്കു പറയുവാനുള്ളതു്. അഡ്ജൂഡിക്കേഷൻ വേണമെന്നു് വളരെ ശക്തിയായിട്ടു വാദിച്ചിരുന്നവരാണു് ഞങ്ങൾ. തൊഴിലാളിയും, മുതലാളിയും തമ്മിലുള്ള തർക്കം തീർക്കുവാൻ അങ്ങിനെയുള്ള ഒരു മദ്ധ്യസ്ഥതകോടതി വേണമെന്നു് വിശ്വസിച്ചിരുന്നവരാണു് ഞങ്ങൾ. ഇന്നു് ഞങ്ങൾക്കു് അതിൽ വിശ്വാസമില്ല. കാരണം തൊഴിലാളികളെ പെരുവഴി ആധാരമാക്കിക്കൊണ്ടു, മുതലാളിമാക്കുവേണ്ടി അഡ്ജൂഡിക്കേഷനെ വിലയില്ലാതാക്കി പുതിയതായിട്ടു ഒരു നിയമംതന്നെ ഉണ്ടാക്കുവാൻ നിങ്ങൾ പുറപ്പെട്ടു. ഈ കായ്ത്തിൽ തൊഴിലാളി താല്പര്യത്തെ സംരക്ഷിക്കുവാൻ ഒരു പ്രത്യേകനിയമം ഉണ്ടാക്കുവാൻ തയ്യാറില്ലെന്നു് പറഞ്ഞ ഗവണ്മെണ്ടുതന്നെ, തൊഴിലാളികളെ അടിച്ചമർത്തുവാൻ വേണ്ടി ൨൫ മണിക്കൂർ കൊണ്ടു ഒരു നിയമം ഉണ്ടാക്കിയില്ലേയെന്നു് ഞാൻ ചോദിക്കുന്നു? നിങ്ങൾ തൊഴിലാളികളെ അടിച്ചമർത്തുമായിരിക്കാം. അതിനുള്ള അധികാരം നിങ്ങളുടെ കയ്യിലുണ്ടു്. നിങ്ങളുടെ കയ്യിലുള്ള പട്ടാളത്തേയും, പൊല്ലിസ്സിനേയുംകൊണ്ടു നിങ്ങൾക്കതു് നിവ്വഹിക്കാം. അതധിക കാലത്തേക്കു നിലനിൽക്കയില്ല; പക്ഷെ, ഒരു കായ്ംമാത്രം. അതായതു് സമാധാനത്തിനുവേണ്ടി പരിശ്രമിക്കണം. ആ കായ്ത്തിൽ നിങ്ങളോടൊപ്പമുള്ളവരാണു് ഞങ്ങൾ. നിങ്ങളുടെ അഡ്ജൂഡിക്കേഷൻ സമ്പ്രദായവും ട്രിബ്യൂണൽ സമ്പ്രദായവും തൊഴിലാളികളെ സഹായിക്കുവാൻ പര്യാപ്തമായതല്ല. അതിനുവേണ്ടിയുള്ള ചിലവിലേക്കു് പണം തരുവാൻ ഈ ഭാഗത്തുള്ളവർ തയ്യാറില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊള്ളുന്നു.

* മിസ്റ്റർ പി. കെ. ഡീവർ: സർ, ഞാനും ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഞാൻ ഇതിനെ സംബന്ധിച്ചു ഒരു ഉപക്ഷേപം അയച്ചിരുന്നു. പക്ഷെ, സമയം അധികം കളയേണ്ടയെന്നു വിചാരിച്ചു് ഈ ധനാഭ്യർത്ഥനയെ മുഴുവൻ എതിർക്കുന്നതിനുവേണ്ടി ഞാൻ അതു അവതരിപ്പിക്കാതെയിരിക്കുകയാണു് ചെയ്തതു്. മറ്റൊരുകാര്യം കേട്ടിട്ടില്ലാത്തവിധം പാവപ്പെട്ട തൊഴിലാളികളെ, ശക്തന്മാരും, വലിയ സ്വാധീനശക്തിയുമുള്ള മുതലാളിമാരൊടൊപ്പം, മുതലാളിമാർ വലിക്കുന്ന വഴികളിൽകൂടിയെല്ലാം, സ്പ്പ് കോടതികളിലും കൂടി കടന്നുകടന്നു്, അന്നന്നു പണിയെടുത്താൽകൂടി പട്ടിണിയെ പരിഹരിക്കുവാൻ സാധിക്കാത്ത തൊഴിലാളികളെ ഒരു കോടതി പോരാ, മറ്റൊരു കോടതിയുംകൂടി കയറിച്ചു അവനെ കഷ്ടപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി, ഇവിടെയൊരു സമ്പ്രദായം വരുത്തിവെച്ചിട്ടുള്ളതിനെ, മറ്റൊരുകാര്യം നടപ്പിലില്ലാത്ത ആ സമ്പ്രദായത്തെ ഞങ്ങൾക്കു് ഈ രാജ്യത്തിന്റെ സമാധാനത്തിന്റെ പേരിൽ, നീതിയുടെ പേരിൽ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഇവിടെ ഒരു ട്രിബ്യൂണൽ വെച്ചിട്ടുണ്ടു്. മുമ്പുണ്ടായിരുന്ന അഡ്ജൂഡിക്കേ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഷൻകോടതി ഒരു പരമാധികാരകോടതിയായിരുന്നു. ആ കോടതിയുടെ മീതെയാണ് ഇപ്പോൾ ഒരു ട്രിബ്യൂണൽ വെച്ചിട്ടുള്ളതു്. ഈ കോടതി മുമ്പാകെ ഒന്നോ, രണ്ടോ കേസ്സുകളുണ്ടെന്നാണ് അറിയുന്നതു്. സീതാറാം കമ്പനിയുടെ അഡ്ജൂഡിക്കേഷൻ വിധിയിന്മേലും ട്രിബ്യൂണലിന്റെ മുമ്പാകെ അപ്പീലുണ്ടെന്നാണ് കേൾക്കുന്നതു്. ഈ അപ്പീൽ കോടതിയിലെ ഒരാൾ ഈ കമ്പനിയുടെ ഒരു ഷെയർഹോൾഡറും വേറെയൊരാൾ ആ കമ്പനിയിൽനിന്നു് വക്കാലത്തിനു വേണ്ടി പണം പറ്റുന്ന ഒരു അഡ്വൊക്കേറ്റും അവരുടെ ലീഗൽ അഡ്വൈസ്സറും ആയിട്ടുള്ള നിലക്ക് നിങ്ങൾ ചെയ്തിട്ടുള്ള ഈ ഏർപ്പാടു് അക്രമവും അനീതിയുമല്ലെയെന്നു് ഞാൻ ചോദിക്കുന്നു. നിങ്ങളെപ്പറ്റി ഈ നാട്ടിൽ ആർക്കാണു് വിശ്വാസമുണ്ടാവുക? നിങ്ങൾ ഈ രാജ്യം ഭരിക്കുന്നതിൽ നീതിനിഷ്ഠയോടുകൂടി പ്രവൃത്തിക്കുമെന്നും, നിങ്ങൾക്കു് ആത്മാർത്ഥതയുണ്ടെന്നും പറഞ്ഞാൽ, ഞങ്ങൾക്കാണു് സർ, വിശ്വസിക്കുവാൻ കഴിയുക? ഈ രാജ്യത്തു പാവപ്പെട്ട തൊഴിലാളികൾ കഴപ്പും ഉണ്ടാക്കുന്നു എന്നു പറയുന്നു. കമ്മ്യൂണിസ്റ്റുകാരും, കെ. എസ്സു്. പി. ക്കാരും കഴപ്പും ഉണ്ടാക്കുന്നുവെന്നു് നിങ്ങൾ പറയുന്നു. ഈ കമ്മ്യൂണിസ്റ്റുകാരേയും, കെ. എസ്സു്. പി. ക്കാരേയും കഴപ്പും ഉണ്ടാക്കുവാൻ സഹായിക്കുന്നതു് നിങ്ങളല്ലെയെന്നു ഞാൻ ചോദിക്കുന്നു. അവർക്കു് അരും നില്ക്കുന്നതു് നിങ്ങളല്ലേയെന്നു ഞാൻ ചോദിക്കുന്നു. നിങ്ങളുടെ ദുഷ്ചേഷ്ടിതം കൊണ്ടു്, നിങ്ങളുടെ ബുദ്ധിശൂന്യതകൊണ്ടു്, നിങ്ങൾക്കു് ചിലരെ സഹായിക്കുവാനുള്ള വെമ്പൽകൊണ്ടു് കാണിക്കുന്ന അക്രമത്തിന്റെ ഫലമായിട്ടു്, പാവപ്പെട്ട തൊഴിലാളികളെ കഷ്ടപ്പെടുത്തുന്നതിന്റെ ഫലമായിട്ടു് അതിനെ എതിർക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റുകാരും, കെ. എസ്സു്. പി. ക്കാരും തൊഴിലാളികളെ സഹായിക്കുന്നുണ്ടെങ്കിൽ, അതിനു് പ്രേരണ നൽകുന്നതു് നിങ്ങളല്ലാതെ മറ്റാരാണു് എന്നു ഞാൻ ചോദിക്കുന്നു. നിങ്ങളുടെ അന്യായമായ, അക്രമമായ ദുഷ്ചേഷ്ടിതമല്ലെ അതിനു കാരണമെന്നു ഞാൻ ചോദിക്കുന്നു. നിങ്ങൾ ഒരു ഉത്തരവു പാസ്സാക്കി, ഒരു അഡ്ജൂഡിക്കേറ്ററെ വെച്ചു, പൊതുമുതലിൽനിന്നു് അഡ്ജൂഡിക്കേറ്റർക്കു് ശമ്പളം കൊടുത്തു. പാവപ്പെട്ട തൊഴിലാളികൾ തെണ്ടിയും, പട്ടിണി കിടന്നും അഡ്ജൂഡിക്കേറ്ററുടെ മുമ്പാകെ കേസ്സു വാദിച്ചു. തൊഴിലാളി പണിമുടക്കു് നോട്ടീസ്സു് കൊടുത്തു. അവനു നിയമപ്രകാരമുള്ള അവകാശം വെച്ചുകൊണ്ടു് അവൻ മുതലാളിയുമായി ശക്തി ഉപയോഗിക്കുവാൻ, അവൻ പട്ടിണി കിടന്നു. അവന്റെ ആത്മാവിനെ ആഹുതിചെയ്തുകൊണ്ടു്, മുതലാളിമാരുടെ അന്യായത്തെ എതിർക്കുമെന്നു് പറഞ്ഞു അവൻ പണിമുടക്കുനോട്ടീസ്സു് കൊടുത്തു. നിങ്ങൾ പറഞ്ഞു സഹോദരാ നിങ്ങൾ പണിമുടക്കരുതു്, ഇവിടെയൊരു ഗവൺമെണ്ടുണ്ടു്, ആ ഗവൺമെണ്ടു് മുതലാളികളുടേയും, തൊഴിലാളികളുടേയും ഭാഗം നില്ക്കാതെ ന്യായത്തിന്റേയും, നീതിയുടേയും പേരിൽ പ്രവൃത്തിക്കുന്ന ഗവൺമെണ്ടാണു്എന്നു്. സമാധാനത്തിൽ വിശ്വസിക്കുന്ന മറ്റെല്ലാ പരിഷ്കൃത ഗവൺമെണ്ടുകളും ചെയ്യുന്നതുപോലെ ഞങ്ങൾ അഡ്ജൂഡിക്കേറ്ററെ വെക്കുന്നുവെന്നു പറഞ്ഞു. നിങ്ങൾ അടിയന്തിരാധികാരം ഉപയോഗിച്ചു ഒരു നിയമം ഉണ്ടാക്കി. യുദ്ധത്തിന്റെ പേരിൽ പണിമുടക്കുവാൻ പാടില്ലെന്നു പറഞ്ഞു. ഞങ്ങൾ അതു സ്വീകരിച്ചു. അഡ്ജൂഡിക്കേഷൻ കേസ്സിൽ കുറച്ചു ആനുകൂല്യങ്ങൾ ഞങ്ങൾക്കു കിട്ടി. നിങ്ങൾ തെറ്റിദ്ധരിച്ചു. നിങ്ങളുടെ ആളുകളാണെന്നു പറയുന്നവർ, നിങ്ങളെ യഥാർത്ഥത്തിൽ കൊള്ളരുതാത്തവരാക്കിത്തീർക്കുന്നതിനുവേണ്ടി നിങ്ങളെ തെറ്റിദ്ധരിപ്പിച്ചു് അഡ്ജൂഡിക്കേഷൻ വിധി സ്വീകരിക്കുകയില്ലെന്നു പറഞ്ഞു. പക്ഷെ, സർ, നിങ്ങൾക്കു സമയമുണ്ടായിരുന്നു. ആ അഡ്ജൂഡിക്കേഷൻ വിധിയെ പരിശോധിച്ചുനോക്കി നിങ്ങൾക്കു് വേണ്ടതായ ഉപദേശം നൽകുന്നതിനു് അഡ്വൊക്കേറ്റ് ജനറാളും കോൺസ്റ്റ്ട്ടിഷനൽ അഡ്വൈസറുമെല്ലാം നിങ്ങൾക്കുണ്ടായിരുന്നില്ലെ? അന്നു അവർ നിങ്ങളെ വേണ്ടപോലെ ഉപദേശിച്ചില്ലെങ്കിൽ അവർക്കു കൊടുത്ത ശമ്പളം മടക്കി വാങ്ങുകയൊ അവരെ ശിക്ഷിക്കുകയൊ ചെയ്യേണ്ടതായിരുന്നു. ആ ഉപദേശങ്ങളും വാങ്ങി കോടതിയിൽ പോയിട്ടു് നിങ്ങളുടെ മുമ്പാകെയും ഗവൺമെണ്ടിന്റെ മുമ്പാകെയും മൂന്നും നാലും മണിക്കൂർ നിന്നുനിന്ന പ്രസംഗങ്ങൾക്കുശേഷം ആത്മാർത്ഥതയുണ്ടെന്നു പറയുന്ന നിങ്ങൾ വ്യക്തിപ്രാഭവമുണ്ടെന്നു പറയുന്ന നിങ്ങൾ, നിങ്ങളുടെ സ്വാർത്ഥത്തിനുവേണ്ടിയല്ല എന്നു പറഞ്ഞു ഒരു ഉത്തർവു പാസ്സാക്കി. ആ ഉത്തരവിനു് ആ ഉത്തരവു് എഴുതിയ ആ കടലാസ്സിന്റെ വില ആ ഉയർന്ന സ്ഥാനത്തിരിക്കുന്ന മുതലാളിമാർ നൽകിയൊ സർ? സർ, ഈ ഗവൺമെണ്ടു് ഞങ്ങളുടേതുമാണു്. നിങ്ങൾക്കു അവരെക്കൊണ്ടു് ആ കല്പന അംഗീകരിപ്പിക്കുവാൻ ശക്തിയുണ്ടായിരുന്നില്ല, ആത്മാഭിമാനം ഉണ്ടായിരുന്നില്ല,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

ആത്മാർത്ഥതയുണ്ടായിരുന്നില്ല, നിങ്ങളെപ്പറ്റിതന്നെ നിങ്ങൾക്ക വിശ്വാസമുണ്ടായിരുന്നില്ല. നിങ്ങൾ അവർ പറഞ്ഞതനുസരിച്ച് നട്ടെല്ലില്ലാതെ നിങ്ങളുടെ സ്ഥാനംതന്നെ തെറിച്ചുപോകുമെന്ന പേടിച്ച്, ആ കടലാസ്സ് ചീന്തിക്കളഞ്ഞു. നിങ്ങളെ ഭരണാധികാരികളായി വരിക്കുവാൻ ഇടയായതു് ഞങ്ങളുടെ ഒവ്വിധിയായി ഞങ്ങൾ കണക്കാക്കുന്നു. മിസ്റ്റർ പുത്തൂർ അച്യുതമേനോൻ പറഞ്ഞതുപോലെ നിങ്ങൾ അഡ്ജൂഡിക്കേഷൻ ട്രിബ്യൂണലിന്നു വേണ്ടിയുള്ള നടപടി ഒരു ബില്ലായി ഈ നിയമസഭയിൽ കൊണ്ടുവന്നു നിയമസഭയുടെ അനുമതിയോടുകൂടി നടത്താതെ മഹാരാജാവു് തിരുമനസ്സിലെ വിളംബരപ്രകാരം കല്പന പാസ്സാക്കി നടത്തുകയാണു് ചെയ്തതു്. നിങ്ങൾ ഡിമോക്രസിക്കായിട്ടാണൊ പ്രവൃത്തിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. നിങ്ങൾ നിയമം കൊണ്ടുവന്നു. എന്തിനുവേണ്ടി? തൊഴിലാളികളുടെ മേൽ മണ്ണിടിഞ്ഞതിനും ഗവൺമെണ്ടിന്റെ നേരെ തൊഴിലാളികൾക്ക അവജ്ഞയുണ്ടാക്കുന്നതിനും, അങ്ങിനെ രാജ്യത്തു കഴപ്പവും വിപ്ലവവും ഉണ്ടാക്കുന്നതിനുംവേണ്ടി. ഇന്നത്തെ ഭരണാധികാരം മാറാതെ സാധാരണ ജനങ്ങൾക്ക രക്ഷയുണ്ടാക്കുവാൻ സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്ന കക്ഷികളെ കണ്ണടച്ചു സഹായിക്കുകയാണു് നിങ്ങൾ ആ പ്രവൃത്തിമൂലം ചെയ്തതു്. നിങ്ങൾ ആരുടെ ഉപദേശം കേട്ടുവൊ, ആ മുതലാളിമാർതന്നെ നിങ്ങളുടെ കഴി തോണ്ടുകയാണു് ചെയ്തതു്. നിങ്ങളെല്ലാവരുംകൂടി ഒരു ദിവസം ആ കഴിയിൽ ചെന്നു വീഴുന്ന അനിശ്ചിതാവസ്ഥ നിങ്ങൾക്കും ഞങ്ങൾക്കും കാണുവാൻ സാധിക്കും എന്നു് ഞാൻ പ്രവചിക്കുന്നു, സർ. ഈ രാജ്യത്തു് സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കണമെന്നു് ഞങ്ങൾക്കു് അഭിഗ്രഹമുണ്ടു്. ഈ രാജ്യത്തു് വ്യാവസായികസമാധാനം വേണമെന്നു് ഞങ്ങൾക്കാഗ്രഹമുണ്ടു്. പക്ഷെ, നിങ്ങൾ അതിന്നാണൊ സർ, പ്രവൃത്തിക്കുന്നതു്? നിങ്ങൾ ഒരു അഡ്ജൂഡിക്കേഷൻ ട്രിബ്യൂണൽ ഉണ്ടാക്കി. തൊഴിലാളികൾ എങ്ങിനെയാണു് ഈ കേസ് നടത്തേണ്ടതു്? തൊഴിലാളി ഒരു കോടതിയിൽ കേസ്സു് നടത്തി. അവനെ അന്യായമായി പിരിച്ചുവിട്ടതിനെ, പെരുവഴിയാധാരമാക്കുന്നതിനെ തടുക്കുവാനാണു് അവൻ അഡ്ജൂഡിക്കേഷൻകോടതിയിൽ പോയതു്. അവൻ കൂലി നഷ്ടപ്പെട്ടു്, പട്ടിണി കിടന്നു് കേസ് നടത്തി ഒരു വിധി സമ്പാദിച്ചു. എന്നാൽ പിന്നെയും അവൻ പോകണം അപ്പീൽ കോടതിയിലേക്കു്. ഇതു ന്യായമാണൊ സർ? തൊഴിലാളികൾക്കു് ഗവൺമെണ്ടിന്റെ നേരെ വിശ്വാസമില്ലാതായി തീരുന്നതിൽ, ഈ മാതിരിയുള്ള കോടതികളിൽ ഈ രാജ്യത്തിലെ ജനങ്ങൾക്ക വിശ്വാസമില്ലാതായിതീരുന്നതിൽ യാതൊരത്ഭുതവുമില്ല. സീതാറാം മിൽസിന്റെ അപ്പീൽവാദം കേൾക്കുന്ന ഈ ട്രിബ്യൂണലിലെ അംഗങ്ങളിൽ ഒരാൾ അതിലെ ഷെയർ ഹോൾഡറും, മറെറാരാൾ അതിന്റെ വക്കീലുമായ സ്ഥിതിക്കു് തീർച്ചയായും ആ കേസ്സു് അവരെത്തന്നെയാണു് എല്പിക്കേണ്ടതു്. നിങ്ങൾ ഈ ട്രിബ്യൂണൽ ഉണ്ടാക്കിയിരിക്കുന്നതിന്റെ വിപത്തു നോക്കുക. ഒരു അഡ്ജൂഡിക്കേഷൻ നിലവിലിരിക്കുമ്പോൾ കുന്നത്തു ടൈൽസ്റ്റയിൽ പൂട്ടിയിടുവാൻ അതിന്റെ മുതലാളികൾ തീർച്ചയാക്കി. സാധാരണ ഗതിയിൽ ഒരു തൊഴിൽത്തക്കം അഡ്ജൂഡിക്കേഷനു വെച്ചിട്ടുണ്ടെങ്കിൽ അതു പൂട്ടിയിടുവാൻ പാടില്ല, പണി മുടക്കുവാൻ പാടില്ല. അങ്ങിനെ ചെയ്യണമെങ്കിൽ അതിന്നു ഗവൺമെണ്ടിന്റെ പ്രത്യേക അനുമതി വേണം. ഈ ട്രിബ്യൂണൽ വെച്ചതുകൊണ്ടു് എന്താണു് നാട്ടിൽ ഉണ്ടായിട്ടുള്ളതെന്നു് നിങ്ങൾ ലേബർ കമ്മീഷണരെക്കൊണ്ടു് അനേഷിപ്പിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്ക ബോദ്ധ്യപ്പെട്ടിട്ടുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. President: The Hon'ble Member is taking much time.

മിസ്റ്റർ പി. കെ. ഡീവർ: ഇനി ഈ വൈകിയ വേളയിലെങ്കിലും രാജ്യത്തിന്നു പൊതുവെ അപായകരവും വ്യാവസായിക അസമാധാനം കെട്ടിപ്പടുക്കുന്നതിനു് ഇടയുണ്ടാക്കുന്ന ഈ കപ്രേഷ്ടിതങ്ങളിൽനിന്നും പിൻമാറി ഈ രാജ്യത്തു് വ്യാവസായിക സമാധാനം ഉണ്ടാക്കുന്നതിനും ഈ നാട്ടിലെ ജനങ്ങൾക്ക ഗവൺമെണ്ടിൽ വിശ്വാസമുണ്ടാക്കുന്നതിനും ഇടയുള്ള മാർഗ്ഗങ്ങളിൽകൂടി ഗവൺമെണ്ടു് ചരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഗവൺമെണ്ടിനെ ആക്ഷേപിക്കണമെന്നോ അതല്ലെങ്കിൽ ഗവൺമെണ്ടിനെ കഴപ്പത്തിലാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഷയത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവന ചെയ്യണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. (ഹിയർ, ഹിയർ). കുറച്ചധികം കഴപ്പം പിടിച്ച ഒരു വിഷയമാണ് തൊഴിലാളികളുടെ കാര്യമെന്നുള്ളത്. ഇൻഡ്യ സ്വതന്ത്രയായതിൻറെശേഷം ഇൻഡ്യയുടെ നാനാഭാഗങ്ങളിലും വ്യവസായങ്ങൾക്ക് അഭിവൃദ്ധിയുണ്ടാക്കണമെന്നും അങ്ങിനെ വ്യവസായങ്ങൾക്ക് അഭിവൃദ്ധിയുണ്ടായില്ലായെന്നുണ്ടെങ്കിൽ ഇൻഡ്യക്ക വലിയ അധഃപതനം വരുമെന്നും നമ്മുടെ നേതാക്കന്മാർ മനസ്സിലാക്കിയതിൻറെ ഫലമായി അടുത്ത ഏതാനും ഒന്നരണ്ടു മാസങ്ങൾക്കുമുമ്പ് ഡെൽഹിയിൽവെച്ച് ഒരു വ്യവസായകോൺഫ്രൻസ് ചേർന്നും അതിലേക്ക് കൊച്ചിയിൽനിന്നു എൻറെ സുഹൃത്ത് ശ്രീമാൻ ബാലകൃഷ്ണമേനോൻ പ്രതിനിധിയായി പോയതും ഈ സഭ മറന്നിട്ടുണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അന്നത്തെ കോൺഫറൻസിൽ ഇൻഡസ്ട്രീയൽ മെമ്പർമാർ മാത്രമല്ല ഇൻഡ്യയിലെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രുപോലും സംബന്ധിക്കുകയും നാട്ടിലെ ആകമാനം തൊഴിലാളികളേയും മുതലാളികളേയും കോർമയിർകൊള്ളിച്ചുവിധത്തിൽ രാജ്യാഭിമാന വിജൃംഭിതമായ ഒരാഹ്വാനം ജനങ്ങൾക്കു തരുകയും ചെയ്തിട്ടുണ്ട്. എന്തായിരുന്നു ആ ആഹ്വാനം? അതു മറെറാന്നുമല്ല. ഒരു മൂന്നുകൊല്ലക്കാലത്തേക്ക് ഇന്നത്തെ ഇൻഡ്യയുടെ പരിതസ്ഥിതിയെ പരിഗണിച്ചും, ഇൻഡ്യയുടെ പ്രത്യേക അവസ്ഥയെ പരിഗണിച്ചും, മുതലാളികളും തൊഴിലാളികളുടെ നേതാക്കന്മാരും തമ്മിൽ ഒരു ട്രസ്സിൽ, തൽക്കാല സന്ധിയിൽ, എത്തിച്ചേരണമെന്നും സ്ട്രൈക്കുകളുണ്ടാക്കാതെ നാട്ടിൽ ഉല്പാദനം വർദ്ധിപ്പിക്കണമെന്നുമായിരുന്നു. അതിൽ പങ്കുകൊണ്ട എല്ലാ മുതലാളികളും ശവമ്മെണ്ട പ്രതിനിധികളും കമ്മൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും ഇൻഡ്യൻ നാഷനൽ ട്രെയിഡു യൂണിയണിൽപെട്ട ട്രെയിഡു യൂണിയൻ പ്രവർത്തകന്മാരും അന്നവിടെയുണ്ടായിരുന്ന എല്ലാവരും ആ പ്രമേയത്തോട് സർവ്വാത്മനാ അനുകൂലിച്ചു എന്നാണ് കടലാസ്സിൽ കണ്ടതു്. എന്നാൽ ആ ദുരവസ്ഥക്ക സമാധാനമുണ്ടാക്കണമെന്ന ഇൻഡ്യയുടെ നേതാവു് അഭ്യർത്ഥിച്ച ആ അവസരത്തിൽതന്നെ മറെറ ചില കാര്യങ്ങളും അദ്ദേഹം സിദ്ധാന്തിക്കുകയുണ്ടായി. അദ്ദേഹം സിദ്ധാന്തിച്ചതു് ഈ വ്യവസായസമാധാനം വേണമെന്നു പറയുന്ന കാലത്തേക്ക സ്ട്രൈക്ക നിറുത്തിവെക്കണമെന്നാണ്. സ്ട്രൈക്ക് എന്നു പറയുമ്പോൾ അതിനു സാങ്കേതികമായ ഒരർത്ഥമുണ്ട്. ട്രെയിഡു യൂണിയൻ നേതാക്കന്മാരുടെ വിശ്വാസവും ട്രെയിഡു യൂണിയൻ പ്രവർത്തകന്മാരുടെ വിശ്വാസവും തൊഴിലാളികൾ അവരുടെ അവകാശസ്ഥാപനത്തിനു പരമാവധി ഉപയോഗിക്കേണ്ട ആയുധമാണ് സ്ട്രൈക്ക് എന്നാണ്. ആ സ്ട്രൈക്ക് നിറുത്തിവെക്കണമെന്നു് അവരോടു് ആവശ്യപ്പെടുമ്പോൾ അതിനു പകരമായി ഒരു പരിഹാരമാർഗ്ഗം അവർക്ക കൊടുക്കേണ്ടതുണ്ട്. അതിനു പരിഹാരമായി തൊഴിലാളികൾക്ക മുതലാളികളുടെമേലുള്ള വശ്യതയെ, അരോചകത്വത്തെ ഇല്ലാതാക്കി തീർക്കുന്ന പ്രകാരം വളരെ വേഗത്തിൽ തീർപ്പുകളുണ്ടാക്കാവുന്ന അഡ്ജൂഡിക്കേഷൻ വ്യവസ്ഥയും കൺസിലിയേഷൻ വ്യവസ്ഥയും തൊഴിലാളികളിൽ വ്യവസായത്തിൻറെ ഉടമസ്ഥതാബോധംപോലും ഉണ്ടാകുന്നവിധത്തിൽ ഉള്ള മറെറ കാര്യങ്ങളും വേണമെന്നാണ് അദ്ദേഹം സിദ്ധാന്തിച്ചതു്. അതിനെ അന്നു് ഇൻഡ്യയിലെ എല്ലാ വിഭാഗക്കാരും സ്വീകരിച്ചതായി കാണുന്നുണ്ട്. സോഷ്യലിസ്റ്റുപാർട്ടിയും കമ്മൂണിസ്റ്റുപാർട്ടിയും ഇൻഡ്യൻ നാഷനൽ ട്രെയിഡു യൂണിയൻ പാർട്ടിയും അന്നു് അവിടെ ഉണ്ടായിട്ടുള്ള എല്ലാ ആളുകളും ആ സമ്പ്രദായത്തെ സ്വീകരിച്ചിട്ടുണ്ട്. അതിനെ സ്വീകരിക്കാത്തവരായി ആരും ഉണ്ടാകുമെന്നും എനിക്ക തോന്നുന്നില്ല. എന്നാൽ ഒരബദ്ധം നമ്മുടെ ശവമ്മെണ്ടിനു പറ്റിപോകുന്നുണ്ടോ എന്നു് എനിക്ക സംശയം തോന്നുന്നുണ്ട്. അതുകൊണ്ടുമാത്രം ഞാനിതു പറയുന്നതാണു്. കാര്യങ്ങൾ വേണ്ടിടത്തോളം അവരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകയില്ല എന്നു വിചാരിച്ചിട്ടുമാത്രം പറയുകയാണു്. ഇൻഡസ്ട്രീയൽ ട്രസ്സിൽ ഒരു ഭാഗം മാത്രം മൂവകെ പിടിക്കരുതു്. തൊഴിലാളികളോട് സ്ട്രൈക്ക ചെയ്യരുതു് എന്നു മാത്രം പറയരുതു്. വ്യവസായാഭിവൃദ്ധിയെക്കുറിച്ചു മാത്രം പറയരുതു്. അതേ അവസരത്തിൽ തൊഴിലാളികൾക്ക വിശ്വാസവും തൊഴിലാളികൾക്ക ധൈര്യവും തോന്നത്തക്കവിധത്തിലുള്ള ഒരു നയം ശവമ്മെണ്ടുകൾ അംഗീകരിച്ചാൽമാത്രമെ തൊഴിലസ്ഥാസ്ഥ്യങ്ങൾ ഇല്ലാതാക്കുവാൻ സാധ്യമുള്ളു. അതല്ല എന്നുണ്ടെങ്കിൽ സ്ട്രൈക്ക ചെയ്യുകയില്ല എന്ന കരാറിൽ ഒപ്പുവെച്ചു കയ്യുള്ളു. അതല്ല എന്നുണ്ടെങ്കിൽ സ്ട്രൈക്ക ചെയ്യുകയില്ല എന്ന കരാറിൽ ഒപ്പുവെച്ചു നേതാക്കന്മാർ ഒറപ്പെടുകയും തൊഴിലാളികൾ അവരുടെ കാര്യം നേടാൻ മറെറ നേതാക്കന്മാരെ സമീപിക്കുകയുംചെയ്യും. അന്നത്തെ ഇൻഡസ്ട്രീയൽ കോൺഫറൻസിനുശേഷം രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലും സമാധാനത്തിൻറെ ലക്ഷണങ്ങൾ കാണുന്നുണ്ട്. കൽക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ത്തയിൽ ഒരു ജനറൽ സ്ട്രൈക്ക് ആ ആഹ്വാനം നല്കിയതിന്റെ ഫലയമായി വേണ്ടിടത്തോളം വിജയിച്ചില്ലെന്നു നാം കടലാസ്സിൽ വായിച്ചു. അതിനുള്ള കാരണം ഇൻഡ്യാ ഗവമ്മെണ്ടും ഇൻഡ്യയിലെ മറ്റു പ്രോവിൻസുകളിലെ ഗവമ്മെണ്ടുകളും തൊഴിലാളികൾക്കു വിശ്വാസവും തൊഴിലാളികൾക്കു കുറച്ചൊരു ധൈര്യവും തോന്നത്തക്കവിധത്തിൽ നടപടികൾ എടുക്കുന്നതുകൊണ്ടാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. നാട്ടിലെ നേതാക്കന്മാർ, അനേകകാലം നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തടങ്കലിൽ കിടന്ന നേതാക്കന്മാർ രാജ്യാധികാരത്തിന്റെ തലവന്മാരായി വന്ന അവസരത്തിൽ തൊഴിലാളികൾക്കു മതിയായ ഉറപ്പുകൊടുത്തു് രാജ്യത്തിന്റെ രക്ഷക്കുവേണ്ടി ഇത്രകാലം ഒരു കലഹവും ഉണ്ടാക്കാതെ മാറിനില്ക്കണമെന്നു പറഞ്ഞതിനെ അവർ സ്വീകരിച്ചിരിക്കുന്നു. എന്നാൽ അതേ അവസരത്തിൽ, അവക്കു് ഉറപ്പും വ്യവസ്ഥയും അവക്കു വേണ്ട സൌകര്യങ്ങളും ഉണ്ടാക്കികൊടുക്കയും ചെയ്ത അതേ അവസരത്തിൽ, ഇൻഡസ്ട്രീയൽ കോൺഫറൻസു കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കുശേഷം, ബോംബെ പട്ടണത്തിൽ ഒരു ജനറൽ സ്ട്രൈക്കുണ്ടായതു് നമ്മുടെ ഗവമ്മെണ്ടു് കടലാസ്സിൽ വായിച്ചിട്ടുണ്ടാകും. എന്തിനാണു് ആ സ്ട്രൈക്കുണ്ടായതു്? അതു് മറ്റൊന്നിനുമല്ല ഉണ്ടായതു്. അഡ്ജൂഡിക്കേഷൻ വിധികൾക്കു സാമാന്യത്തിലധികം കാലതാമസം വരുന്നു എന്ന സംഗതി ഗവമ്മെണ്ടിനെ ധരിപ്പിക്കുവാനാണു് ബോംബെയിൽ ജനറൽ സ്ട്രൈക്കുണ്ടായതു്. ഇൻഡ്യാഗവമ്മെണ്ടു് ഒന്നിനുപിന്നിൽ ഒന്നായി തൊഴിലാളിനിയമങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ആ നിയമങ്ങളെ തൊഴിലാളികളെല്ലാം സ്വാഗതവും ചെയ്യുന്നുണ്ടു്. അങ്ങിനെ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും തൊഴിലാളികാര്യങ്ങളിൽ സമാധാനവും ശാന്തതയും ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിൽ കൊച്ചിയിൽ മാത്രം—എന്റെ സ്നേഹിതൻ മിസ്റ്റർ ജോസു് കെ. വട്ടീസു് ചോദിച്ച മാതിരി—പല അസ്വസ്ഥതകളും, പല ദിക്കിലും ഫ്ര ഫ്രാം വകുപ്പുപ്രകാരമുള്ള നടപടികളും എടുക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുവാൻ കാരണമെന്താണെന്നു് ഒന്നു് ആലോചിച്ചു നോക്കുവാൻ ഞാൻ ഗവമ്മെണ്ടിനോടു് വളരെവളരെ സൌഹാർദ്ദമായി ആവശ്യപ്പെട്ടുകൊള്ളുന്നു. കാര്യം മറ്റൊന്നുമല്ല. എന്റെ എളിയ അഭിപ്രായത്തിൽ തൊഴിലാളി മുതലാളി പ്രശ്നത്തെ സംബന്ധിച്ചു ഭരണകാര്യങ്ങളിൽ കുറച്ചൊരരാജകതാംശമെന്നെ കൊച്ചിയിൽ വന്നിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ അമിതമായ ഭാഷയിൽ പറയാൻവിചാരിക്കുന്നില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)* Can I expect Sir, from the Hon'ble Member the period of that anarchy?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പറയാം. ഒന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. കരുവന്തുരിലെ കായ്ത്തെപ്പറ്റി ഈ നിയമസഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ചു. അതിനു മറുപടി പറഞ്ഞ അവസരത്തിൽ പ്രധാനമന്ത്രി വളരെ രഞ്ജകസ്വരത്തിൽ ഉടൻ ഗവമ്മെൻറു അതിനു പരിഹാരമുണ്ടാക്കുന്നതാണെന്നും അടിയന്തിരപ്രമേയം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു. അതനുസരിച്ചു അടിയന്തിരപ്രമേയം പിൻവലിച്ചു. അതിനുശേഷം ഒരു പ്രോക്ലമേഷൻ കൊണ്ടുവരികയും ഒരു അപ്പീൽ ട്രിബ്യൂണൽവെയ്ക്കുകയും ചെയ്തു. ആ ട്രിബ്യൂണിലുള്ള മഹാന്മാരും ബുദ്ധിമാന്മാരും ഹൈക്കോടതിയിലിരുന്ന നിയമവാദങ്ങൾകേട്ടു നിയമപരിചയം സിദ്ധിച്ചുവരുമായ ആ പ്രശസ്ത വ്യക്തികളെക്കുറിച്ചു എനിക്കൊന്നും പറയുവാനില്ല. ഒരുപക്ഷെ അവരേക്കാൾ പ്രാമാണികന്മാരായ ആളുകളെ കിട്ടാൻതന്നെ വിഷമമാണെന്നും ഞാൻ വിശ്വസിക്കുന്നു. ഉടനെ പരിഹാരമുണ്ടാക്കേണ്ട ഒരു കായ്വല്ലായിരുന്നുവെങ്കിൽ എനിക്കതിൽ അതൃപ്തിയുണ്ടാകയുമില്ലായിരുന്നു. അതിലെ വ്യക്തികളെപ്പറ്റി എനിക്കതൃപ്തിയില്ല. അവരിൽനിന്നു ന്യായമായ തീർപ്പു കിട്ടുമോ എന്ന കായ്ത്തിലും എനിക്കു സംശയം ഇല്ല. പക്ഷെ, ട്രിബ്യൂണൽ എന്ന ആ പ്രസ്ഥാനത്തെ ആക്ഷേപിക്കാതെ നിവൃത്തിയില്ല. അപ്പീൽ വേണ്ട എന്ന അർത്ഥത്തിലല്ല പറയുന്നതു്. അഡ്ജൂഡിക്കേഷൻ എന്നു പറയുന്നതു് ഒരു കോടതിയല്ല. അതു തൊഴിലാളികൾ തൊഴിൽമുടക്കിയും മുതലാളികൾ ലോക്കൌട്ടുചെയ്തും തൊഴിൽക്കായ്ത്തിൽ അരാജകതാമുണ്ടാകാതെയിരിക്കാനായി പരിഷ്കൃതരാജ്യങ്ങളിലൊക്കെ അംഗീകരിച്ചിട്ടുള്ള ഒരു നടപടിയാണു്. അതിനു എത്രയുംവേഗത്തിൽ തീർപ്പുണ്ടാക്കേണ്ടതാണു്. അങ്ങിനെയിരിക്കുമ്പോൾ അതിനു അഡ്ജൂഡിക്കേറ്റർക്കു പ്രാപ്തിയില്ലെങ്കിൽ വേറെ ആളെ വെയ്ക്കുക. ഒരു പ്രത്യേക ആൾ വേണമെങ്കിൽ ഒരു പ്രത്യേക ആളെ വെയ്ക്കുക. അങ്ങിനെ ഇരുപതോ മുപ്പതോ ദിവസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളിൽ തീപ്പു കല്പിക്കുക. ഒരു വ്യക്തി എന്ന നിലവിട്ട മുന്നു വ്യക്തികൾ വേണമെങ്കിൽ മൂന്നാളുകളെ വെയ്ക്കുക. പക്ഷെ ഒരു അഡ്ജൂഡിക്കേഷൻ വിധിയിന്മേൽ അപ്പീൽ വെയ്ക്കുന്നതു ശരിയല്ല. ഇന്ത്യയിലെങ്ങുംതന്നെ അങ്ങിനെ ഒരു പതിവില്ല. ബോമ്പെയിൽ മാത്രം ഇങ്ങിനെയുണ്ടാകുന്ന അഡ്ജൂഡിക്കേഷൻ വിധിയിന്മേൽ ലീഗലായ സംശയനിവാരണത്തിനു ബോമ്പെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടനുസരിച്ചു അപ്പീൽ കൊടുക്കുന്നതിനു വ്യവസ്ഥയുണ്ട്. ഇവിടെ ഗവൺമെണ്ടു അംഗീകരിച്ച നില മുതലാളികളെ പ്രീണിപ്പിക്കാനോ തൊഴിലാളികളെ തോല്പിക്കാനോ ആണെന്നു ഞാൻ പറയുന്നില്ല. ഇതു പരിചയക്കുറവുകൊണ്ടു സംഭവിച്ചതാകാം. കരുവന്തുരിലെ അന്നത്തെ സ്ഥിതിയനുസരിച്ചു തല്ക്കാലത്തെ നിവാരണത്തിനുവേണ്ടി അങ്ങിനെ ചെയ്തതാകാം. പക്ഷെ അതിവിടെ ഒരു ശാശ്വതനിയമമാക്കാൻ പാടില്ല. ഒരു അഡ്ജൂഡിക്കേറ്റർ പോരെങ്കിൽ നു ആളുകളെവയ്ക്കുക. അഡ്ജൂഡിക്കേഷൻ വിധിയിന്മേൽ അപ്പീൽ പാടില്ല, ഒരു കോടതിയുടെ വിധിയിന്മേൽ മറെറാരു കോടതിയിൽ അപ്പീൽ പോകുന്ന മാതിരിയുള്ള ഒരേർപ്പാട് ഇതിൽ പാടില്ല. ഈയവസരത്തിലാണു എനിക്കു തൊഴിലാളിനിയമത്തെക്കുറിച്ചു പറയാനുള്ളതു്. ഈ അഡ്ജൂഡിക്കേഷൻ വിളംബരം കഴിഞ്ഞ നിയമസഭയുടെശേഷം കൊണ്ടുവന്നു. ഇന്നു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ബിൽ ആലോചനയിലിരിക്കുന്നുണ്ടു്. ആ നിയമം ഈ സമ്മേളനത്തിൽ എങ്കിലും പാസ്സാക്കുമെന്നു വിശ്വസിച്ചിരുന്നു. നിങ്ങൾ ഒരുദ്ദേശത്തോടുകൂടിയാണു ചെയ്തതെന്നു ഞാൻ പറയുന്നില്ല. പെട്ടെന്നു, താല്ക്കാലികമായി ചെയ്യേണ്ട ഒരു കാര്യമെന്ന നിലയിൽ കൊണ്ടുവന്ന ഇക്കാര്യം നിയമപുസ്തകത്തിൽ വെയ്ക്കുന്നതു ശരിയല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ബിൽ ആലോചനയിലിരിക്കുകയാണു്. അതു ഇവിടെ പാസ്സാക്കുമെന്നു ആഗ്രഹിച്ചിരുന്നു. പിന്നെ മിനിമംവേജസ്ബിൽ ഉണ്ടു്. അതിന്റെ സെലക്ട്കമ്മിറ്റി മീറ്റിംഗുകൾ കഴിഞ്ഞുവെന്നു വിശ്വസിക്കുന്നു. ഇങ്ങിനെയുള്ള ബില്ലുകളൊന്നും ഈ തവണത്തെ അജണ്ടയിൽ കാണുന്നില്ല ഇങ്ങിനെ തൊഴിലാളികളെ സംബന്ധിച്ചു വളരെക്കാലമായി ആലോചനയിലിരിക്കുന്ന ലജിസ്ലേഷനൊന്നും ഇവിടെ നിയമമായിട്ടില്ല. തൊഴിലാളിപ്രശ്നം എന്നു പറയുന്നതു തൊഴിലാളികൾ സ്വതെക്കുചെയ്യാതെ മാത്രം നോക്കിയാൽ സാധിക്കാവുന്ന ഒരു കാര്യമാണെന്നു അറിഞ്ഞോ അറിയാതെയോ ഗവൺമെണ്ടിനു ഒരു തെററിദ്ധാരണയുണ്ടു്. അതുകൊണ്ടാണു കൊച്ചിയിൽ മാത്രം ഇത്രയധികം അസ്വസ്ഥതയുള്ളതു്. കുറച്ചുകൂടി സൌജന്യകരമായ ഒരു നയം ഗവൺമെണ്ടെടുക്കുന്നില്ലെങ്കിൽ, തൊഴിലാളികളെ കുഴപ്പത്തിലാക്കാനുള്ള ഒരു പരിതഃസ്ഥിതിയുണ്ടെന്നുള്ള ബോദ്ധ്യം തൊഴിലാളികളുടെ ഇടയിൽനിന്നു മാറാത്തപക്ഷം, കുറച്ചുകൂടി നല്ല ഒരു നയം സ്വീകരിക്കാത്തപക്ഷം, ഇന്ത്യയിലെ പ്രധാനമന്ത്രി നമ്മളോടു അഭ്യർത്ഥിച്ച ആ തൊഴിൽപരമായ സമാധാനം കൊച്ചിക്കില്ലാതെവരും. അതിനാൽ നാട്ടിൽ തൊഴിൽ സമാധാനം വേണമെന്നുണ്ടെങ്കിൽ അതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചാൽ മാത്രം പോരാ. അതു നടപ്പിലാക്കാൻ പോലീസുകാരെക്കൊണ്ടു മാത്രം സാധിക്കുമെന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. അതിനു സൌജന്യപൂർവ്വമായ ഒരു നയം കൈക്കൊള്ളണം. അവക്കു അവരുടെ കാര്യങ്ങൾ നടത്തിക്കിട്ടുമെന്ന ബോദ്ധ്യമുണ്ടാക്കണം. ചിലർ തൊഴിലാളികളെ വെറുതെ കുഴപ്പത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്ന പരിതഃസ്ഥിതികളുണ്ടാക്കുന്നില്ലെന്നു പറയുന്നില്ല. എന്നാൽ ന്യായമായ കാര്യങ്ങൾക്കുവേണ്ടി വാദിക്കുന്നവരെ ആപത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്ന ആ ഏർപ്പാടു നിറുത്തണം. തൊഴിലാളികാര്യങ്ങളിൽ അനേകം ഭാഗങ്ങൾക്കും ഇനിയും നിയമമില്ലാതെയാണിരിക്കുന്നതു്. ഉദാഹരണത്തിനു തോട്ടംതൊഴിലാളികൾക്കു ഈ അഡ്ജൂഡിക്കേഷൻനിയമം ബാധകമാകുന്നില്ല. അവക്കു ഈ നിയമം ബാധകമല്ലെന്നു ഒരു വിധി കോടതിയിൽനിന്നുണ്ടായിട്ടുണ്ടെന്നു ഞാൻ അറിയുന്നു.

ഈ നിലയ്ക്കൊരു മാറ്റംവരാതെ നിവൃത്തിയില്ല. കൊച്ചിയിലെ തൊഴിലാളികളെ സമഗ്രമായി ബാധിക്കുന്ന ഒരു നിയമം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു തൊഴിലാളികളുടേയും മുതലാളികളുടേയും ഗവൺമെണ്ടിന്റേയും പ്രതിനിധികളടങ്ങിയ ഒരു സമ്മേളനം വിളിച്ചുകൂട്ടി കൊച്ചിയിൽ തൊഴിൽസമാധാനത്തിനു ആവശ്യമായ നിയമങ്ങൾ അവഗാഢമായ ആലോചനയ്ക്കുശേഷം ഉണ്ടാക്കുന്നപക്ഷം അങ്ങിനെ കൊച്ചിയിലെ തൊഴിലാളികളുടെ നില സുരക്ഷിതമാണെന്ന ബോദ്ധ്യം അവർക്കുണ്ടാക്കിക്കൊടുത്താൽ, ഇനി കൊച്ചിക്കു പുറത്തു കാണുന്ന സമാധാനം കൊച്ചിയിലും ഇല്ലാതെ വരികയില്ല. അങ്ങിനെയുണ്ടാകയില്ലെന്നു വിചാരിക്കുന്നതു അബദ്ധമായിരിക്കും. ഇനി കുറച്ചുകാലമായിക്കാണുന്ന അഡ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ജുഡിക്കേഷൻസമ്പ്രദായംകൊണ്ടു കായ്യം നടക്കുമെന്നു വിചാരിക്കരുതു്. ഈ ഒരു കായ്യം കൊച്ചിയിലെ തൊഴിലാളിമന്ത്രിക്കുടിയായ പ്രധാനമന്ത്രിയെ അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

* മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ടൈബ്യൂണൽ എന്നും, അഡ്ജൂഡിക്കേഷൻ എന്നും മറ്റും പറഞ്ഞു് അതിനെല്ലാം പണം വേണമെന്നു് ആവശ്യപ്പെടുമ്പോൾ, കൊച്ചിയിലെ പാവപ്പെട്ട കൂലിവേലചെയ്തു് ജീവിക്കാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന വേലക്കാർ, അഡ്ജൂഡിക്കേഷൻ അവർക്കു് ആവശ്യമില്ലെന്നും, അതു് അവരുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചു് കൊടുക്കാതിരിക്കാൻ വേണ്ടി, അങ്ങിനെ എതെങ്കിലും അനുവദിച്ചു കൊടുക്കേണ്ടിവരുമ്പോൾ, അതിനു് കാലതാമസം ഉണ്ടാക്കാൻവേണ്ടി ഈ നാട്ടിലെ ഗവമ്മെണ്ടും, മറ്റെവിടെയു ഉള്ള ഗവമ്മേണ്ടുകളും സ്വീകരിക്കുന്ന ഒരു നയമാണെന്നു്, എല്ലാ പ്രദേശങ്ങളിലേയും തൊഴിലാളികൾ പറയുമ്പോൾ, അങ്ങിനെയല്ല; ഞങ്ങൾ ഈ നിയമം, അഡ്ജൂഡിക്കേഷൻ സമ്പ്രദായം ഈ നാട്ടിൽ ഉണ്ടാക്കുന്ന, ഇവിടത്തെ തൊഴിലാളികൾക്കു് മുതലാളികൾ ന്യായമായ കൂലികൊടുക്കാതിരിക്കുമ്പോൾ, തൊഴിലാളികൾക്കു് ആക്ഷേപമുണ്ടാകുമ്പോൾ, ആ ആക്ഷേപത്തിനു് ന്യായമായ സമാധാനമുണ്ടാക്കാൻവേണ്ടി, അതിനു് സഹായം ചെയ്യാൻവേണ്ടി, ഈ നാട്ടിലെ വ്യവസായങ്ങൾക്കു് ദോഷം വരാതെ, ഈ നാട്ടിലെ സാധുക്കൾ ജോലിയില്ലാതെ പട്ടിണികിടക്കാതിരിക്കാൻ വേണ്ടി ഉണ്ടാക്കിട്ടുള്ളതാണു് അഡ്ജൂഡിക്കേഷൻ സമ്പ്രദായം എന്നു് ഇവിടത്തെ ഗവമ്മെണ്ടും അതുപോലെ മറ്റെവിടെയും ഉള്ള ഗവമ്മേണ്ടുകളും അവകാശപ്പെടുന്നുണ്ടു്. അഡ്ജൂഡിക്കേഷൻ തെറ്റാണെന്നു് വാദിക്കുന്ന തൊഴിലാളികൾ, അതിനോടു് അനുകൂലിക്കുന്നതു്, ഗവമ്മേണ്ടിന്റെ വാശാനങ്ങളെ അവർ വിശ്വസിച്ചുകൊണ്ടുമാത്രമാണു്. ഈ നാട്ടിൽ സമാധാനം സ്ഥാപിക്കാൻ ആ നിയമം അനുകൂലമാണെന്നു് തൊഴിലാളികൾ വിശ്വസിക്കുന്നതുകൊണ്ടാണു് അവർ ഇവിടത്തെ കൾനനിയമങ്ങൾക്കു് വിധേയരായിരുന്നിട്ടുള്ളതു്. അതിൽനിന്നുണ്ടാകുന്ന വാദങ്ങൾക്കു്, തൊഴിലിളികൾക്കു്, അല്ലെങ്കിൽ മുതലാളികൾക്കു് ആറുമാസംവരെ അപ്പീൽ അവകാശം ഇല്ലാത്തതുകൊണ്ടു്, ആ കല്പനക്കു് അനുസരിച്ചു് പ്രവർത്തിക്കണമെന്നു് അഡ്ജൂഡിക്കേഷൻ ഓർഡറിൽ ഉണ്ടു്. അങ്ങിനെ ഇത്രയും കാലം ഈ കഷ്ടതകൾ അനുഭവിച്ചുകൊണ്ടു്, തൊഴിലാളികൾ ഇന്നത്തെ ഗവമ്മേണ്ടിന്റെ നിയമം അനുസരിച്ചു് വരുന്നകാലത്തു്, അതിനു് എതിരായിക്കൊണ്ടു്, പട്ടിണികിടന്നു് കഷ്ടപ്പെട്ടു്, ന്യായമായ വേതനം ലഭിക്കാതെ ഉഴലുന്ന സാധുക്കളുടെ നേരെ ഗവമ്മെണ്ടു് ഒരു ടൈബ്യൂണൽ ഉണ്ടാക്കിയിരിക്കുന്നു.

മിസ്റ്റർ ജോസു്. കെ. വറ്റീസ്സു്: വളരെ കഷ്ടമാണു്!!

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഈ രാജ്യത്തു് ആളുകളുടെ കഷ്ടപ്പാടു്, ഇനിയും ഇവിടത്തെ പാവങ്ങളുടെ കഷ്ടപ്പാടെന്താണെന്നു് അറിയാൻ സാധിക്കാതെ; അവർ തെരുവുകളിൽപോയി, വ്യവസായശാലകളിൽ കയറി, അവിടെ സാധുക്കൾ ചെയ്യുന്ന ജോലിയുടെ സ്ഥിതി എന്താണെന്നു് മനസ്സിലാക്കാതെ, കഷ്ടത എന്താണെന്നു് അറിയാൻ പാടില്ലാതെ, കഷ്ടതകളെപ്പറ്റി അനുഭവപ്പെടുന്നതിൽ എനിക്കു് അശ്ചര്യമൊന്നും തോന്നുന്നില്ല. ആറുമാസം, അഡ്ജൂഡിക്കേഷൻ വിധിക്കു് വിധേയരായ തൊഴലാളികൾ, ഇത്രയും കാലം അനുസരിച്ചു. എന്നാൽ ഇന്നു് ആരാണു് ആ അഡ്ജൂഡിക്കേഷൻ വിധിക്കെതിരായി ഇന്നത്തെ ഗവമ്മെണ്ടിനോടുതന്നെ മല്ലടിക്കാൻ ഒരുങ്ങിയിരിക്കുന്നവരെന്നു് ഞാൻ ചോദിക്കുന്നു. വമ്പിച്ച മുതലാളികൾ, അതായതു് ടാറ്റാ, S. V. O. C., അളകപ്പച്ചെട്ടിയാർ മുതലായിട്ടുള്ള വിദേശികൾ ഇവിടത്തെ ഗവമ്മെണ്ടിന്റെ കല്പനകളനുസരിക്കുമ്പോൾ, ഈ നാട്ടിലെ ചില ചില്ലറ മുതലാളികൾ, അവരാണു് ഇവിടത്തെ ഗവമ്മെണ്ടിനെ വെല്ലുവിളിക്കുവാൻ, ഇവിടത്തെ ഗവമ്മേണ്ടിന്റെ അഡ്ജൂഡിക്കേഷനു് എതിർ പ്രവർത്തനങ്ങൾ നടത്തുവാൻ മുന്നോട്ടു് വന്നതു്; ഇവിടത്തെ ഗവമ്മെണ്ടു് കൊമ്പുകുത്തിച്ചതു് എന്നു് ഞാൻ പറയുന്നതിൽ അതിശയോക്തിയുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. നിശ്ചയമായും ഇവിടത്തെ ഗവമ്മെണ്ടു് ചില മുതലാളികളുടെ പിൻതാങ്ങില്ലാതെ നില്ക്കാൻ സാധിക്കുന്നതല്ല എന്നു് സാധാരണ നാട്ടിൻപുറങ്ങളിൽ ഉള്ള ആളുകൾ പറയുന്നതു് കേൾക്കാൻ ഞങ്ങൾക്കു് സാധിച്ചിട്ടുണ്ടെങ്കിലും, അവിടെ പോകുന്നവർക്കു് സാധിച്ചിട്ടുണ്ടാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ പറയുന്നതിനെ സംബന്ധിച്ച് എനിക്ക് വാദമില്ല. ഞാൻ പറയുന്നതു ശരിയല്ലെന്നുള്ള വാദക്കാരുണ്ടെങ്കിൽ അവർ അതു സ്ഥാപിച്ചുകൊള്ളട്ടെ. പക്ഷെ എനിക്കിവിടെ പറയാനുള്ളതു്; അന്യനാട്ടുകാർ, ഈ കൊച്ചു രാജ്യത്തെന്നെ വിലക്കു് മേടിക്കാൻ സാധിക്കാവുന്ന വിദേശികൾ ഇവിടത്തെ അഡ്ജുഡിക്കേഷൻ കല്പനകളനുസരിക്കുമ്പോൾ, ഇവിടത്തെ ചെറിയ ജന്മികൾക്കും, മുതലാളിമാക്കും അടിമപ്പെട്ടു് നിയമമുണ്ടാക്കാൻ പോകുന്ന നമ്മുടെ ഗവൺമ്മെണ്ടിനോടാണു് എനിക്കു് ചോദിക്കാനുള്ളതു്, അവരുടെ ആത്മാർത്ഥതയെവിടെയാണെന്നു്? ഇവിടത്തെ ഈ ജന്മികൾ മാത്രമല്ല കൊച്ചിരാജ്യത്തുള്ളതു്. ചില ചില്ലറ മുതലാളികളും മറ്റുമുള്ളവക്കു് പല മെനക്കേടുമുണ്ടാക്കും. ജനങ്ങളുടെ ഗവൺമ്മെണ്ടു വന്നാൽ അവക്കെല്ലാം ഒരുപക്ഷെ കഷ്ടപ്പെടേണ്ടിവരുമായിരിക്കാം. തൊഴിലാളികൾക്കു ലാഭത്തിന്റെ ഓഹരി കൊടുക്കേണ്ടിവരും. അതു് ഞങ്ങൾക്കറിയാം.

പിന്നീടു് എനിക്കു് പറയാനുള്ളതു് ഗവൺമ്മെണ്ടു് ഈ വക ആവശ്യങ്ങൾക്കു് പണം ആവശ്യപ്പെടുമ്പോൾ, തൊഴിലാളിലോകത്തിനു് സമാധാനമുണ്ടാക്കാൻ, ഈ നാട്ടിലെ വ്യവസായം ശരിക്കു് നടക്കാൻ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടസ് ബില്ലിനെ സംബന്ധിച്ചു് നമ്മുടെ ഗവൺമ്മെണ്ടു് വളരെ ഗാഢമായി ഓക്കണമെന്നു് ഞാൻ പറയുന്നു. ആ ബില്ലു് സിലക്ടു് കമ്മിറ്റിക്കു് അയച്ചിട്ടു് എത്രനാളായി എന്നു് ഞാൻ ചോദിക്കുന്നു. ആ സിലക്ടു് കമ്മിറ്റി ആലോചനക്കു് വെച്ചിട്ടു് അതിനു് കോറം തികയാതെ പിരിഞ്ഞുപോയ സംഭവം വളരെ സങ്കടത്തോടും വളരെ ലജ്ജയോടും കൂടിയാണു് ഞാൻ പറയുന്നതു്. ഈ നാട്ടിലെ പാവപ്പെട്ടവക്കു് വേണ്ടി നിലകൊള്ളുന്നു എന്നു് പറയുന്ന മന്ത്രികക്ഷിയിലെ ചിലരും ആ ഇൻഡസ്ട്രിയൽ കമ്മിറ്റിയിലെ അംഗങ്ങളാണു്. അതും ഇന്നത്തെ മന്ത്രിസഭാകക്ഷിയിലെ അംഗങ്ങൾ അതിൽ ഭൂരിപക്ഷമാണു്. അവർ ഒരുമിച്ചു തന്നെ യോഗങ്ങളിൽ ഹാജരാകാതിരിക്കുക എന്നു് വന്നാൽ അതു് എത്ര ഭയങ്കരമായ ഒരു പ്രവർത്തനമായിരിക്കും?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എത്ര മീറ്റിങ്ങു് കൂടിയിട്ടുണ്ടു്?

മിസ്റ്റർ പി. ടി. ജേക്കബ്ബു്: മൂന്നുപ്രാവശ്യം കൂടി. അതിൽ ഒരു ഹാജരായില്ല. അങ്ങനെ ഒരു കമ്മിറ്റി വെയ്ക്കുന്നതുപോലും മനസ്സില്ലാത്ത നമ്മുടെ ഗവൺമ്മെണ്ടു് ഈവക ട്രൈബ്യൂണലിന്റെ ആവശ്യത്തിനു് പണം ആവശ്യപ്പെടുന്നതു് എന്താണെന്നു് ചോദിക്കുന്നു. ഈ ട്രൈബ്യൂണൽ, തൊഴിലാളികളുടെ ആവശ്യം സ്ഥാപിച്ചുകിട്ടുവാൻ കാലതാമസം വരുത്തുന്നു എന്നായതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

Mr. P. Kumaran Ezhuthssaan (*Vadakkancheri*) : Does the reply by one of the members preclude other members from speaking ? If so, some of us also want to speak before the reply. Otherwise, let us know the position of the Government ?

Mr. President: The Government will explain their position now.

Mr. K. Balakrishna Menon (*Minister for Food and Education*) : I think, Sir, it is only fair to the Prime Minister who is now in charge of Labour that I should take the blame for having accepted the award and then subsequently cancelled it and ultimately constituted this Tribunal against which so much has been said and said rather in hot terms from the Opposition. Sir, I also accept what my friend Mr. Govinda Menon in all magnanimity suggested that it was either partly because of inexperience or of expediency that this Tribunal was resorted to. Both are right. It is true, Sir, that I had been to Delhi and I attended the Industrial Conference and I came back with the idea in my own humble way to establish industrial truce in our own State. I thought in the meanwhile things should have settled down by the good offices of not only of the Prime Minister who was then in charge of the Labour Department, but also of certain other Labour leaders. Unfortunately, Sir, when I came, things were just as they were before I left this place. Not only that, it was going to be worse. The position then as I visualised was this: that the labourers had no chance to go and work in the factories because the factories would not be opened by the owners. The owners could not open the factories because if they once opened them, then comes the legal difficuties which would in the wake of them bring other difficulties. All that put in the way was only the so-called wrong notion of a wrong prestige of an individual who does not claim that he is infallible. I thought it much better for me to own my mistake. I asked my friends; I asked not only my friends, I asked persons belonging to the opposite side, not all, but some of whom I could get at in the shortness of time, and the discussion produced this Industrial Tribunal. Sir, I am not saying what I am now going to say

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

in extenuation of the step that I had taken, but I cannot help making a reference to it because even after having accepted the award of the Adjudicator, then it was contended by the owners that it was next to impossible for them to carry on the industry, that that award had already killed it by itself. When I came to understand this attitude and thinking perhaps there may be something behind it or if there was nothing, nothing was going to happen if once again the matter was gone into, I called in a conferene of the owners of the tile factories and also the Labour leaders. I put it to them, in the interests of the country, I put it to them in the supreme interests of the country, irrespective of the fact that the Adjudicator had passed an award, irrespective of all questions of prestige, let us go into the matter again with capital on one side and labour on the other side, if my good offices are agreeable to them, we will concede to go into the matter again, to review the whole matter, reconsider the whole issue and then arrive at a fair conclusion. Why not ? Sir, that day both parties came. The owners' approach was that till the date of that conference, the owners on their part agreed to pay up according to the terms of the award and the only point of difference was that they will be paying thereafter just at the revised rate, whatever may be the decision, whether it was to their favour or against them, from the date of the subsequent reconsidered award or decision of the Tribunal or the Authority to be constituted for that purpose. I even suggested to them that the whole thing could be expedited within a couple of days. It is regrettable, however, whether Mr. Puthur Achutha Menon may say yes to it or say no to it, that he put it to me that he could not agree to it—this delay of a couple of days (shame), I felt that the labour was missing a chance, that the labour was doing something wrong in the larger interests of the country, if only it had placed it before them. If ultimately the decision was in favour of them, they were not going to lose anything, if the previous Adjudicator made a mistake, it was only right and nothing more that they get what they deserve. Either way, they ought to have availed of the opportunity as the difference was only a couple of days.

Mr. Puthur Achutha Menon (*Kattur*): Without interruption, was not the same appeal made to the emplyers also ?

Mr. K. Balakrishna Menon (*Minister for Food and Education*): Yes.

Mr. Puthur Achutha Menon (*Kattur*): Did they agree ?

Mr. K. Balakrisna Menon (*Minister for Food and Education*): Yes.

Mr. Puthur Achutha Menon (*Kattur*): No, it is forgotten conveniently.

Mr. K. Balakrishna Menon (*Minister for Food and Education*): Not forgotten my friend, Why should I hide anything in the sleeves. It is right that the people of Cochin should know all, Sir,What did you say then ? You said it was a question of prestige on the part of labour (shame)

Mr. Puthur Achutha Menon (*Kattur*): Certainly, Sir. I said the award must be enforced.

Mr. K. Balakrishna Menon (*Minister for Food and Education*): If I could indulge in a bit of literal flavour, when you said that, you were only demanding your pound of flesh. I am not saying these things in extenuation of my action. When I found that the owners were not fulfilling the terms of the award, I immediately issued orders to start prosecution against them; some of them were arrested and brought to the jail. They have gone into the jail. I came back from Delhi with the impression that there should be industrial peace in the country. And now what is the way to have industrial peace ? To approach them nearer. In what particular way ? I for one could not do it. Then I thought that these owners of the tile factories were really not in a position to carry on the industry. Was it not only right that they should be given an opportunity for the whole matter to be reconsidered. I thought it right that some other independent Tribunal should consider the whole issue again to set right if anything was wrong. Subsequently we thought of constitution of this Tribunal. I once again plead to this House and to the gentlemen of the Opposition, that I did not do it under the hope that it was the penacea for all evils of labour. . . .

Mr. P. Govinda Menon (*Ernakulam*): Why apply it to all adjudications ? If there was anything peculiar to Karuvannur, you could have made it applicable to that alone.

Mr. K. Balakrishna Menon (*Minister for Food and Education*): Sir. I will explain. When things are going on in this way, let us not hold anything in the sleeves. I have no reason for it, no motive. When things were like this, some labourers from Karuvannur approached me

LIBRARY ARCHIVES Kerala Legislative Assembly

and told me that they had found out a method to unite this guardian knot, *i.e.*, allow these gentlemen to enter the factory, that is to commit trespass and carry on the whole thing and the Government should stand by without taking any action. I told them, no my good friends, it cannot be a party to your plan. I told them that as the law has been enforced against the owners who violated the terms of the award, similarly, the law would be enforced against them also if they proposed to commit trespass into the factories.

Mr. Puthur Achutha Menon *(Kattur):* The statement is not correct. None came from Karuvannur.

Mr. K. Balakrishna Menon *(Minister for Food and Education):* I concede that my hon'ble friend did not come and say that.

Mr. P. Govinda Menon *(Ernakulam):* What he meant was that those who are said to have come did not come from the Union.

Mr. K. Balakrishna Menon *(Minister for Food and Education):* Whether they belonged to the Union, or to Cochin or outside, that is not the issue here. Now, once again I was thinking, what was the way to open the factories. The first and most important thing was that the labourers should get work.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* I believe the Hon'ble Minister would take a little more time.

Mr. K. Balakrishna Menon *(Minister for Food and Education):* I am afraid that I may take some more time.

Mr. President : We will continue the discussion tomorrow.

The House rose for the day at 5 p.m.

N. I. OUSEPH

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly